# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി8)-1284/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/02/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി8)-1284/2021 തീയ്യതി: 03/02/2022

## എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.),
ശ്രീ. ഹരീഷ്ബാബു.എൻ., അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി. ഷൈബി.ഇ.ഡി.,അസി. ഓഡിറ്റ് ഓഫീസർ,
ശ്രീമതി. കവിത എസ്.കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീ.അനീഷ്. ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആലീസ് കെ ഏലിയാസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ഷാജിമോൻ കാവു | സെക്രട്ടറി | 01-04-2019 | 03-12-2019 |
| ശ്രീ മീതിയാൻ എ എം | സെക്രട്ടറി | 04-12-2019 | 09-01-2020 |
| ശ്രീ ജയകൃഷ്ണൻ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-01-2020 | 15-01-2020 |
| ശ്രീ ജഗദീഷ് എം പി | സെക്രട്ടറി | 16-01-2020 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു ബേബി | അസി.സെക്രട്ടറി | 01-04-2019 | 23-12-2019 |
| ശ്രീ ജയകൃഷ്ണൻ എസ് | അസി.സെക്രട്ടറി | 24-12-2019 | 31-03-2020 |
| ശ്രീമതി ലെൻസി തോമസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സന്ധ്യ കൃഷ്ണൻ സി | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ഡോ ലീനാ പോൾ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ ബെന്നി തോമസ് | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 01-04-2019 | 10-03-2020 |
| ശ്രീമതി സഫിയ ടി എസ് | ഹെഡ്മാസ്റ്റർ,ജി എൽ പി എസ് | 11-03-2020 | 31-03-2020 |
| ശ്രീമതി രമ്യ രതീശൻ | ഐ.സി,ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷേബ പി ബേബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 12-02-2020 |
| ശ്രീമതി ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-02-2020 | 31-03-2020 |
| ഡോ കൃഷ്ണകുമാർ സി കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ പ്രീജേഷ് | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ അനുപമ ശങ്കർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 09-06-2019 |

| | | | |
|---|---|---|---|
| ഡോ കൃഷ്ണപ്രിയ എസ് എൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 10-06-2019 | 31-03-2020 |
| ശ്രീ ജിതിൻ കെ മങ്ങാട്ട് | വി.ഇ.ഒ പായിപ്ര | 01-04-2019 | 31-03-2020 |
| ശ്രീമതി ബിൻസീന ഇബ്രാഹിം | വി.ഇ.ഒ മുടവൂർ | 01-04-2019 | 31-03-2020 |

.

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Hareesh Babu .N (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-1 |
| 2 | വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു<br>Written By: Hareesh Babu .N (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-1-1 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-1-2 |
| 4 | സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-1-3 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-1-4 |
| 6 | വാർഷികധനകാര്യപത്രിക<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-2 |
| 7 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-2-1 |
| 8 | സാമ്പത്തിക വിശകലനം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 13-01-2022) | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം<br>Written By: Shaiby.E.D (Asst. Audit Officer, On 15-09-2021)<br>Last Updated By: Raj N.C (Computer Assistant, On 13-01-2022) | 1-4 |
| 10 | പദ്ധതി അവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-5 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Aneesh R (Auditor, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-9 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-10 |
| 16 | ഓഡിറ്റ് ഇംപാക്ട്<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-11 |
| 17 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 1-12 |

| | | |
|---|---|---|
| | Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | |
| 18 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-13 |
| 19 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-14 |
| 20 | എഫ്എആർ അധിക ഫീസ് ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-15 |
| 21 | മെന്റേഴ്സ് ക്യാമ്പ്- ചെലവുതുക 'കില'യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-16 |
| 22 | ദുരന്തനിവാരണ ആസൂത്രണരേഖ തയ്യാറാക്കൽ-'കില'യിൽ നിന്ന് തുക ലഭ്യമായില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-17 |
| 23 | വാഹനങ്ങളുടെ ഇൻഷുറൻസ്-സർക്കാർനിർദ്ദേശം പാലിച്ചില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-18 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം<br>Written By: Shaiby.E.D (Asst. Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-19 |
| 25 | വാട്ടർ അതോറിട്ടിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-20 |
| 26 | റെക്കോർഡ് റൂം സജ്ജീകരണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക കൈമാറി നൽകി<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-21 |
| 27 | എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിലും കവിഞ്ഞ അളവിൽ പ്രവൃത്തി നടപ്പാക്കുന്നു.<br>Written By: P.K.Minu (Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 13-01-2022) | 1-22 |
| 28 | ടെണ്ടർ കുറവ് കിഴിക്കാതെ കരാറുകാർക്ക് തുക നൽകി<br>Written By: P.K.Minu (Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-23 |
| 29 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-24 |
| 30 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-25 |
| 31 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിവരം അറിയിച്ചില്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 19-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-26 |
| 32 | സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണി-പദ്ധതി നിർവഹണത്തിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-27 |
| 33 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല<br>Written By: Hareesh Babu .N (Asst. Audit Officer, On 07-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 07-01-2022) | 1-28 |

| | | |
|---|---|---|
| 34 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 13-01-2022) | 1-29 |
| 35 | നിക്ഷേപ പ്രവൃത്തികൾ(കെ.എസ്.ഇ.ബി.)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-30 |
| 36 | നിക്ഷേപ പ്രവൃത്തികൾ (വാട്ടർ അതോറിറ്റി)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-31 |
| 37 | ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: Kavitha S Kannan (Senior Grade Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-32 |
| 38 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-33 |
| 39 | തൊഴിലുറപ്പ്-മെറ്റീരിയൽ സപ്ലൈ-നിയമാനുസൃത നികുതികൾ ഈടാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-33-1 |
| 40 | ലൈഫ് ഭവനം (എസ്.സി)-നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Kavitha S Kannan (Senior Grade Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-34 |
| 41 | ലൈഫ് ഭവനം (ജനറൽ)- നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Kavitha S Kannan (Senior Grade Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-35 |
| 42 | സർക്കാർ ഉത്തരവ് പാലിക്കാതെ ദിവസവേതന ജീവനക്കാരെ നിയമിക്കുന്നു<br>Written By: Shaiby.E.D (Asst. Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 1-36 |
| | **ഭാഗം 2** | |
| 1 | ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Aneesh R (Auditor, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 2-1 |
| 2 | എഫ്എആർ അധിക ഫീസ് ഈടാക്കിയില്ല<br>Written By: Aneesh R (Auditor, On 22-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 2-2 |
| | **ഭാഗം 3** | |
| 1 | കരാറുകാരന് അധിക തുക നൽകി<br>Written By: P.K.Minu (Audit Officer, On 21-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 18-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-2 |

| | | |
|---|---|---|
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 20-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Hareesh Babu .N (Asst. Audit Officer, On 20-09-2021)<br>Last Updated By: Raj N.C (Computer Assistant, On 13-01-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Hareesh Babu .N (Asst. Audit Officer, On 11-09-2021)<br>Last Updated By: Raj N.C (Computer Assistant, On 22-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 16.02.2019 തീയതിയിൽ ചേർന്ന യോഗത്തിലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ച പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 16.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 05.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---|
| വരവ് | 243503302 |
| ചെലവ് | 238976220 |

### 1-1-1 വരവ്-ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തി ബജറ്റ് തയ്യാറാക്കുന്നു

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥ<br>വരവ് -ചെലവ് |
|---|---|---|
| വരവ് | 24,35,03,302 | 13,19,41,061<br>(മുൻബാക്കി ഒഴികെ) |
| ചെലവ് | 23,89,76,220 | 12,03,34,980 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവ് ചെലവുകളെക്കാൾ വളരെ കൂടുതലാണ്. ബജറ്റ് വരവ് ചെലവുകൾ പെരുപ്പിച്ച് രേഖപ്പെടുത്തുന്നത് ശരിയല്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-2020 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

### 1-1-3 സേവന നിരക്കുകൾ വർദ്ധിപ്പിച്ച് തനത് വരുമാനം ഉയർത്തുന്നതിനാവശ്യമായ നിർദ്ദേശം ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജുകൾ എന്നിവ 01.04.2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ(അച്ചടി)28/2019ധനം.തീയതി 08.03.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധികവിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016

/ത.സ്വ.ഭ.വ തീയതി 02.12.2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 21.05.2020 |

പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ സംബന്ധിച്ച് നൽകിയ 14.09.2021 ലെ 16ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.
1) വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)]. അടുത്ത വർഷം മുതൽ ഉൾപ്പെടുത്തുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു.

2) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11,606,081.00 /-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22,332,522.00/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. അപാകത ഐ കെ എം-ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

3) സഞ്ചയ പ്രകാരമുള്ള കുടിശ്ശിക കെട്ടിട നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സാംഖ്യ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുത്തുന്നതിനായി 81977/- രൂപ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും 80801/- രൂപ നോൺ റസിഡെൻഷ്യൽ വസ്തുനികുതി ഇനത്തിലും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതായി കാണുന്നു. ഇത്തരത്തിൽ ക്രമീകരിച്ചഅഡ്വാൻസ് കളക്ഷനിൽ ഏതേു കെട്ടിട നമ്പറുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/2008 /ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം പേഴക്കാപ്പിള്ളി റൂറൽ സഹകരണ ബാങ്ക്, എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എന്നിങ്ങനെ മൂന്ന് അക്കൗണ്ടുകളിലായാണ് നിക്ഷേപിക്കുന്നത്.

5) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂൾ പ്രകാരം 17 ഹെഡുകളിലായി ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. വേറെ ഹെഡ് സാംഖ്യയിൽ ലഭ്യമല്ലാത്തതിനാലാണ് അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിൽ ചേർക്കുന്നതെന്നാണ് പഞ്ചായത്ത് അറിയിച്ചത്.

6) ജോയിന്റ് വെഞ്ചർ-എസ് റ്റി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് 1,866,600/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 1,425,000/- രൂപയാണ് നീക്കിയിരിപ്പ്. 320700204 ഹെഡ്ഡിലെ 1425000/- ൽ 4,00,000/- രൂപ എസ് ബി റ്റി തനത് ഫണ്ടിലും 320100127 ലെ 1250000/- രൂപ ജോയിന്റ് വെഞ്ചർ എസ് റ്റി എസ് ബി-യിലുമാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് പഞ്ചായത്ത് വിശദീകരിച്ചിട്ടുണ്ട്.

7) നിക്ഷേപ പ്രവൃത്തികൾക്കായി കെ എസ് ഇ ബി ക്ക് ആകെ 818268/-രൂപ നൽകിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 460500202 ഹെഡ്ഡിൽ 450051/-രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. 23415/- രൂപ മുൻകൂർ തുകയായി ചേർക്കേണ്ടതിന് പകരം 251630101 ഹെഡ്ഡിൽ 23415/- രൂപ ചേർത്തിട്ടുമുണ്ട്. വാട്ടർ അതോറിട്ടിക്ക് 735000/- രൂപ നൽകിയെങ്കിലും 530000/- മാത്രമാണ് വാർഷികധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളത്. കെ എസ് ഇ ബി-ക്ക് നൽകിയ 368217/- രൂപയും വാട്ടർ അതോറിട്ടിക്ക് നൽകിയ 205000/- രൂപയും ജേണൽ ചെയ്യാത്തത് ഈ വർഷം പരിഹരിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

8) ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3363836.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 131941061.00 |
| ആകെ | 135304897.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 120334980.00 |
| നീക്കിയിരിപ്പ് | 14969917.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 137313.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61819.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1718081.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 22332044 | 22332044 | 19272148* | 0 | 3059896 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6671415 | 6671415 | 3355795** | 0 | 3315620 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 318147 | 318147 | 310000 | 0 | 8147 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19956000 | 19956000 | 6912696 | 0 | 13043304 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5999000 | 5999000 | 3165497 | 0 | 2833503 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 15553834 | 15553834 | 6314590 | 0 | 9239244 |
| ദുരിതാശ്വാസ നിധി | 83760 | 2547 | 86307 | 0 | 86307 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- സമ്പൂർണ്ണ ശുചിത്വം 320 100 115 | 612500 | 0 | 612500 | 298674 | 313826 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 2218 | 1221683 | 1223901 | 1223901 | 0 | 0 |
| EFMS | 0 | 30580594 | 30580594 | 30580594 | 0 | 0 |
| ICDS- 320 100 121 | 2096108 | 1231582 | 3327690 | 2989911 | 337779 | 0 |
| Solid Waste Management 320 100 203 | 1000000 | 0 | 1000000 | 0 | 1000000 | 0 |
| എൻ പി ആർ പി ഡി | 1250000 | 0 | 1250000 | 0 | 1250000 | |
| സംസ്ഥാനാ വിഷ്കൃതഫണ്ട്- | | | | | | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 220000 | 0 | 220000 | 220000 | 0 | 0 |
| 320 300 199 വിമുക്തി | 40900 | 3000 | 43900 | 8605 | 35295 | 0 |
| ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റ് ഫണ്ട് | 195000 | 0 | 195000 | 178792 | 16208 | 0 |
| സാക്ഷരത 320 200 309 | 3107 | 107 | 3214 | 0 | 3214 | 0 |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 545000 | 3535000 | 40880000 | 2655000 | 1425000 | 0 |

*3458758/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

**117647/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ്.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ചെലവഴിക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22332044 | 19272148 | 3059896 | 13.7 % |
| വികസന ഫണ്ട്(എസ്.സി.പി) | 6671415 | 3355795 | 3315620 | 49.69% |
| വികസനഫണ്ട്(ടി.എസ്.പി) | 318147 | 310000 | 8147 | 2.56 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 19956000 | 6912696 | 13043304 | 65.36 % |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5999000 | 3165497 | 2833503 | 47.23% |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 15553834 | 6314590 | 9239244 | 59.40% |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അനുവദിച്ച ഗ്രാന്റുകളിൽ വികസന ഫണ്ട്(ടി.എസ്.പി.) മാത്രമാണ് 97ശതമാനത്തോളം ചെലവഴിച്ചത്. എസ് സി പി , സംരക്ഷണ ഗ്രാന്റ് , ധനകാര്യ കമ്മീഷൻ അവാർഡ് തുക എന്നിവ ഭൂരിഭാഗവും ചെലവഴിക്കാതെ ലാപ്സായി പോകുമ്പോഴും തനതുഫണ്ട് വകയിരുത്തി റോഡ് മെയിന്റനൻസ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തുകയും സ്ഥിരനിക്ഷേപത്തിൽ നിന്ന് ഒരു കോടി രൂപ പിൻവലിച്ച് ചെലവഴിക്കുകയും ചെയ്തത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ബാധിക്കാനിടയാക്കി. സംരക്ഷണ ഗ്രാന്റ് (റോഡ്) ഇനത്തിൽ 13043304/- രൂപയാണ് ചെലവഴിക്കാതെ പോയത്. ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ നവീനമായ പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ധനകാര്യ കമ്മീഷൻ അവാർഡ് തുകയ്ക്ക് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി കൂടുതൽ ഊന്നൽ നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 460 | 239660831 | 183 | 104138413 | 266 | 11 | 39.78% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5218 | 1912250 | 1917468 | 1917470 | -2 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 29887027 | 29887027 | 29887027 | 0 |
| ആകെ | 5218 | 31799277 | 31804495 | 31804497 | -2 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 77640 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 4598400 | 844 |
| വിധവാപെൻഷൻ | 7481400 | 1311 |
| വാർദ്ധക്യകാലപെൻഷൻ | 15598200 | 2706 |
| വികലാംഗപെൻഷൻ | 3836500 | 676 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 124800 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.09.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9295/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2021 | ഏപ്രിൽ 2020- ഡിസംബർ 2020 | 20.02.2021 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2014 മുതൽ 06.06.2014 വരെ | 2009-10 മുതൽ 2013-14 വരെ | 20.07.2015 |

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ തന്നെ അപൂർണ്ണമാണ്.

2) പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.

3) പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.

4) റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5) ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6) ഫയലുകളിൽ പൊതുവെ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

7) സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 ഓഡിറ്റ് ഇംപാക്ട്

14.09.2021ലെ ഓഡിറ്റ് എൻക്വയറി നം 14നെ തുടർന്ന് കെട്ടിട റെഗുലറൈസേഷൻ ഫീസിനത്തിൽ 121010102724//15.09.2021 നമ്പർ രസീത് പ്രകാരം 1845/- രൂപ തിരിച്ചടച്ചു.

## 1-12 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീമതി സുഫൈറത്ത്ബീവി, ആലുമ്മൂട്ടിൽ, മാനാറി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മുളവൂർ വില്ലേജിലെ 1083/6-1-6 സർവെ നമ്പർ സ്ഥലം 13.15 ആർ വിസ്തൃതിയിൽ ഭൂവികസനം നടത്തുന്നതിന് എ7/746/2020, തീയതി. 16.03.2020 നം. പെർമിറ്റ് നൽകിയിരുന്നു. ഭൂവികസന പെർമിറ്റ് ഫീസിനത്തിൽ 750/- രൂപ (രസീത് നം. 119010112026/06.03.2020) അടവാക്കിയിട്ടുണ്ട്. 2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരം ചട്ടം 31(1), (2), (3) എന്നിവ പ്രകാരമുള്ള ഭൂവികസന പ്രവർത്തനങ്ങൾക്ക് ആറിന് 750 രൂപ വീതം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ഗാർഹിക ആവശ്യത്തിന് വേണ്ടി ചട്ടം31(1) എന്നിവ പ്രകാരം അനുവദിച്ച മേൽ സൂചിപ്പിച്ച ഭൂവികസന പെർമിറ്റിന് ഇപ്രകാരം ഫീസ് ഈടാക്കാത്തത് മൂലം പെർമിറ്റ് ഫീസിനത്തിൽ 9113/-രൂപ കുറവ് വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 2-1ൽ ചേർത്തിട്ടുണ്ട്.

## 1-13 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(i) പ്രകാരം ഒരു അർദ്ധവർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ തുടർച്ചയായോ, പലപ്പോഴായോ 60ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തിയിട്ടുണ്ടെങ്കിൽ, ആ സ്ഥാപനം തൊഴിൽനികുതിക്ക് വിധേയമാകുന്നതാണ്. അത്തരം കമ്പനികൾ/സ്ഥാപനങ്ങളിൽ നിന്ന് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3ലെ പട്ടിക പ്രകാരം അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ, 2020-21 സാമ്പത്തിക വർഷത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിൽ സ്ഥാപന തൊഴിൽനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിലെ Receivables For Profession Tax Institutions/Professionals/Traders (431190101) അക്കൗണ്ടിംഗ് ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1, | സപ്ലൈകോ സൂപ്പർ മാർക്കറ്റ്, പേഴക്കാപ്പിള്ളി |
| 2, | സപ്ലൈകോ മാവേലി സ്റ്റോർ, മുളവൂർ |
| 3, | വലിയുപ്പാപ്പ മെമ്മോറിയൽ ഹോസ്പിറ്റൽ, പെരുമറ്റം |
| 4, | വനിതാ കോ- ഓപ്പറേറ്റീവ് സൊസൈറ്റി, പായിപ്ര |
| 5, | പായിപ്ര ഗ്രാമീൺ ബാങ്ക്, പേഴക്കാപ്പിള്ളി |
| 6, | സതേൺ ചിട്ടി & അസോസിയേറ്റ്സ്, പേഴക്കാപ്പിള്ളി |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/19.09.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധവർഷവും

തുടർച്ചയായോ, പലപ്പോഴായോ 60ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ, അവർ തൊഴിൽനികുതിക്ക് വിധേയനാകുന്നതാണ്. ആയതിനാൽ, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യേണ്ടതാണ് {1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി ചട്ടങ്ങൾ) ചട്ടം 10} . എന്നാൽ, 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1, | സഹാറാ അപ്പാരൽസ് | എ3-1378/19-20(17) | 10 |
| 2, | അൾട്ടിമ മോട്ടോഴ്സ് | എ3-1611/19-20(30) | 14 |
| 3, | സെഞ്ചറി വീനേഴ്സ് | എ3-1912/19-20(57) | 13 |
| 4, | ത്രീസ്റ്റാർ പ്ലൈവുഡ് | എ3-1863/19-20(62) | 20 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 23/17.09.2021) തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 എഫ്എആർ അധിക ഫീസ് ഈടാക്കിയില്ല

ശ്രീ അലിയാർ, പട്ടാലയിൽ, പല്ലാരിമംഗലം എന്ന വ്യക്തിക്ക് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള വെള്ളൂർക്കുന്നം വില്ലേജിലെ 870/10-A-7, 870/10-A-8 എന്നീ സർവെ നമ്പർ സ്ഥലത്ത് 734.39 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ-പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് എ5-38129 /2019 /03.05.3019 നം. പെർമിറ്റ് നൽകിയിരുന്നു. കെട്ടിട പെർമിറ്റ് ഫീസിനത്തിൽ 3672/-രൂപ(രസീത് നം. 11901010244/12.06.2019), ഈടാക്കിയിട്ടുണ്ട്. 405 ച.മീ. വിസ്തൃതിയുള്ള ടി പ്ലോട്ടിൽ അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന ആകെ തറവിസ്തീർണ്ണം 708.75 ച.മീ. (405x1.75) മാത്രമാണ്. എഫ്എആർ കണക്കാക്കുമ്പോൾ അനുവദനീയമായ പരിധിയേക്കാൾ 25.64ച.മീ. തറവിസ്തീർണ്ണം കൂടുതലുള്ള ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചപ്പോൾ അധികനിരക്കായി 128200/- (25.64x5000) രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ, അധിക തറവിസ്തീർണ്ണത്തിന് അധിക ഫീസ് ഈടാക്കിയില്ല. വിശദ വിവരങ്ങൾ ഖണ്ഡിക 2-2ൽ ചേർത്തിട്ടുണ്ട്.

## 1-16 മെന്റേഴ്സ് ക്യാമ്പ്- ചെലവുതുക 'കില'യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്

ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ കുട്ടികൾക്കുവേണ്ടി 'പെൻസിൽ' എന്ന പേരിൽ ഒരുക്കിയ അവധിക്കാല പഞ്ചായത്തുതല മെന്റേഴ്സ് ക്യാമ്പ് നടത്തിപ്പിനായി ചെലവഴിച്ച തുക 5000/-രൂപ സി.ഡി.എസ് ചെയർപേഴ്സണ് വൗച്ചർ നം.21900937 തീയതി 13.12.2019 പ്രകാരം പഞ്ചായത്തിൽ നിന്നും അനുവദിച്ചുനൽകിയിട്ടുണ്ട് . കില ഡയറക്ടറുടെ 02.05.2019 ലെ കില/2019/101/2719/എച്ച് ക്യൂ നം. കത്തിൽ വാർഡുതല ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് (ഒരു വാർഡിൽ നിന്ന് 5 പേർ) ഭക്ഷണം, പരിശീലന സാമഗ്രികൾ എന്നിവയ്ക്ക് 100/-രൂപ വീതം കില നൽകും. ക്യാമ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ഒറിജിനൽ ബിൽ, വൗച്ചർ, ഹാജർ ലിസ്റ്റ് എന്നിവ ഹാജരാക്കി ചെലവായ തുക കിലയിൽ നിന്ന് റീഇംബേഴ്സ് ചെയ്യും. ഈ നിർദ്ദേശം പാലിച്ച് ചെലവുതുക പഞ്ചായത്ത് റീഇംബേഴ്സ് ചെയ്ത് വാങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ 13.09.2021 ലെ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമായിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. ഈയിനത്തിലെ ചെലവുതുക 5000/-രൂപ കിലയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ദുരന്തനിവാരണ ആസൂത്രണരേഖ തയ്യാറാക്കൽ-'കില'യിൽ നിന്ന് തുക ലഭ്യമായില്ല

ദുരന്തനിവാരണ ആസൂത്രണരേഖ തയ്യാറാക്കൽ, 4ാം ഘട്ട വാർഡുതല ടീമിനുള്ള പരിശീലന പരിപാടി എന്നിവ 05.02.2020, 06.02.2020 തീയതികളിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വൌച്ചർ നമ്പർ 21901243 തീയതി 28.02.2020 പ്രകാരം 19340/-രൂപയും, വൌച്ചർ നമ്പർ 21901157 തീയതി 06.02.2020 പ്രകാരം 4600/-രൂപയും ഉൾപ്പെടെ ആകെ 23,940/-രൂപയാണ് ഈയിനത്തിൽ ചെലവ് വന്നിരിക്കുന്നത്. സർക്കാർ ഉത്തരവ് നം. 179/2020 ത.സ്വ.ഭ.വ തീയതി 06.01.2020 പ്രകാരം ക്ലാസുകൾ എടുത്തത് കിലയിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺ ആണ്. റിസോഴ്സ് പേഴ്സൺന്റെ ഓണറേറിയം, യാത്രപ്പടി, പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള റിഫ്രഷ്മെന്റ് ചാർജ് (ഒരാൾക്ക് പരമാവധി 120/-രൂപ) എന്നീയിനത്തിൽ ചെലവായ 23,940/- രൂപയും കിലയിൽ നിന്ന് പഞ്ചായത്തുഫണ്ടിലേക്ക് തിരികെ ലഭ്യമാകേണ്ടതാണ്. ഈ തുക ലഭ്യമായിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് 13.09.2021 ൽ നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് തുക ലഭ്യമായിട്ടില്ല എന്നാണ് പഞ്ചായത്ത് അറിയിച്ചത്. ചെലവ് തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വാഹനങ്ങളുടെ ഇൻഷ്വറൻസ്-സർക്കാർനിർദ്ദേശം പാലിച്ചില്ല

കേരള സർക്കാരിനു കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് ജി.ഒ(പി) നം 819/2000/ധന തീയതി 18.04.2000 ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-17-E-8957 നമ്പർ ബൊലേറോ ജീപ്പിന്റെ ഇൻഷ്വറൻസ് പുതുക്കുന്നതിന് വൌച്ചർ നമ്പർ 21900232 തീയതി 04.06.2019 പ്രകാരം 12070/-രൂപയും ആംബുലൻസ് (നം.KL-41-G- 3555) ഇൻഷ്വറൻസ് പുതുക്കുന്നതിന് വൌച്ചർ നം. 21901039 തീയതി 21.01.2020 പ്രകാരം 10593/-രൂപയും യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്.

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി വാഹന ഇൻഷ്വറൻസ് എടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13.09.2021 ലെ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിച്ച് മാത്രം വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം

പഞ്ചായത്ത് രേഖകളിൽ നിലവിൽ ഒരു പൊതുടാപ്പ് മാത്രം ആണ് നിലവിലുള്ളത്. എന്നാൽ കമ്മിറ്റിയുടെ 22.02.2020-ലെ 11(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിൽ നിലവിൽ ഒരു ടാപ്പ് മാത്രം നിലനിർത്തി ബാക്കിയുള്ളവ 2017 ജൂണിൽ തുക അടവാക്കി വിച്ഛേദിച്ചിട്ടുണ്ടെങ്കിലും വാട്ടർ അതോറിട്ടി 699248/-രൂപയുടെ ബിൽ നൽകിയിട്ടുള്ളത് പുനഃപരിശോധിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ടാപ്പുകൾ വിച്ഛേദിച്ചതിനനുസൃതമായി ബിൽ തുക ക്രമീകരിച്ച് കിട്ടിയിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17.09.2021 ലെ 22ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ തുക ക്രമീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല. പൊതുടാപ്പുകൾ വിച്ഛേദിച്ചതിന് ശേഷവും വാട്ടർ അതോറിട്ടിയുടെ കണക്കിൽ കുറവ് ചെയ്തിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ എത്രയും വേഗം തുടർനടപടി സ്വീകരിക്കേണ്ടതും തുക ക്രമീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-20 വാട്ടർ അതോറിട്ടിയിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി കേരളാ വാട്ടർ അതോറിട്ടി മൂവാറ്റുപുഴ പി എച്ച് ഡിവിഷന് തുക നൽകിയിരുന്നു. 2019-20 വർഷം 2380366/-രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം പഞ്ചായത്തിന് കൈമാറിയതിൽ ആകെ 135634/-രൂപ വാട്ടർ അതോറിട്ടിയിൽ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമാക്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും പൂർത്തീകരണത്തിന് ശേഷം ബാക്കിയുള്ള തുക മറ്റ് പ്രവൃത്തികൾക്കായി ഉപയോഗിച്ചതായി വാട്ടർ അതോറിട്ടി മറുപടി നൽകി. പഞ്ചായത്തിന്റെ നിർദ്ദിഷ്ട പ്രവൃത്തികൾക്കായി വകയിരുത്തി നൽകുന്ന തുക അതത് പ്രവൃത്തികൾക്ക് മാത്രം ഉപയോഗിക്കേണ്ടതാണെന്നും ശേഷിക്കുന്ന തുക പഞ്ചായത്തിന് തിരികെ നൽകേണ്ടതാണെന്നും അനുമതിയില്ലാതെ ചെലവഴിച്ച തുക പഞ്ചായത്തിലേക്ക് മടക്കി തരേണ്ടതാണെന്നും 14.01.2021 ൽ എ1-01/2020 നമ്പർ കത്ത് മുഖേന പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്. വാട്ടർ അതോറിട്ടിയെ ഏല്പിച്ചിരുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ തിരികെ ലഭ്യമാകേണ്ട 135634/- രൂപ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 റെക്കോർഡ് റൂം സജ്ജീകരണം - സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക കൈമാറി നൽകി

| | |
|---|---|
| പ്രോജക്ട് നം /പേര് | 316/20 (SO)/<br>ഐ.എസ്.ഒ സർട്ടിഫിക്കേഷൻ |
| അടങ്കൽ | 328950 (തനത് ഫണ്ട്) |
| ചെലവ് | 203113 (തനത് ഫണ്ട്) |
| | 1)ചെക്ക്.നം-902059,തീയതി-1.11.19 ,തുക-10000/-<br>2)ചെക്ക്.നം-531032,തീയതി- 5.11.19, തുക-83110/-<br>3)ചെക്ക്.നം-902071,തീയതി-23.11.19,തുക-19328/-<br>4)ചെക്ക്.നം531056-531061,തീയതി2.12.19,തുക-86325/-<br>5)ചെക്ക്.നം-531861, തീയതി- 17.3.20. തുക-4350/- |
| നിർവഹണം | സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ ഭാഗമായി ബോർഡ് സ്ഥാപിക്കൽ, ഫയർ എക്സ്റ്റിംഗിഷർ സ്ഥാപിക്കൽ, റെക്കോർഡ് റൂം സജ്ജീകരണം എന്നിങ്ങനെ മൂന്ന് പ്രവൃത്തികളാണ് നടത്തിയത്. റെക്കോഡ് റൂം സജ്ജീകരണത്തിലേയ്ക്ക് ഏബ്രഹാം എം.സി, ഇ.കെ.ചന്ദ്രശേഖരൻ, കെ.എൻ.സുരേന്ദ്രൻ എന്നിവരേയും സഹായികളായി സിമി ജോർജ്, രശ്മി രവി, രാജി കൃഷ്ണൻ, ലിനി ജോയി എന്നിവരേയും പഞ്ചായത്ത് കമ്മിറ്റി തീരുമാന(തീരുമാന നം.3(2),26.10.19) പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ (യഥാക്രമം 725/-,660/-രൂപ നിരക്കിൽ) നിയോഗിച്ച് വേതനം നൽകിയ വകയിൽ ക്രമ നം 2 പ്രകാരം 83110/-രൂപ ചെലവഴിച്ചിരുന്നു. മസ്റ്റർ റോൾ പ്രകാരമുള്ള വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പേര് | ജോലിയെടുത്ത ദിനം-വേതനനിരക്ക് | അർഹമായ വേതനം |
|---|---|---|---|
| 1 | ഏബ്രഹാം എം.സി | 23x725 | 16675 |
| 2 | ഇ.കെ.ചന്ദ്രശേഖരൻ | 19x725 | 13775 |
| 3 | കെ.എൻ.സുരേന്ദ്രൻ | 8x725 | 5800 |
| 4 | സിമി ജോർജ് | 20x660 | 13200 |
| 5 | രശ്മി രവി | 20x660 | 13200 |
| 6 | രാജി കൃഷ്ണൻ | 20x660 | 13200 |

| | | | |
|---|---|---|---|
| 7 | ലിനി ജോയി | 11x660 | 7260 |
| | ആകെ | | 83110 |

എന്നാൽ വേതനമിനത്തിലുള്ള മുഴുവൻ തുകയും (83110/-രൂപ) ഏബ്രഹാം എം.സി എന്ന വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് നൽകിയിരിക്കുന്നതെന്ന് കാണുന്നു (പേയ്മെന്റ് വൌച്ചർ നം.699). 2001രൂപ മുതൽ 10000 രൂപ വരെയുള്ള തുക ടി.എസ്.ബി ചെക്ക് മുഖേനയും 10000 രൂപയിൽ അധികരിക്കുന്ന തുക ബെനിഫിഷ്യറിയുടെ ബാങ്ക് അക്കൌണ്ടിലേക്കുമാണ് കൈമാറി നൽകേണ്ടതെന്നിരിക്കെ {ജി.ഒ (പി) 46/2016/FIN. 4.6.16 ഖണ്ഡിക 4} ആയതിന് വിരുദ്ധമായി ഏഴ് പേരുടെ വേതനം ഒരു വ്യക്തിയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയതിന് വിശദീകരണമാവശ്യപ്പെട്ട് എൻക്വയറി(നം-3/9.9.21) നൽകിയതിന് നിശ്ചയിച്ച വേതനം കമ്മിറ്റി ചുമതലപ്പെടുത്തിയ ഏബ്രഹാം എന്ന വ്യക്തിക്ക് നൽകുകയായിരുന്നുവെന്നും ടിയാൾ തുക മാറി എല്ലാ ദിവസവേതനക്കാർക്കും നൽകുകയുമാണ് ചെയ്തിട്ടുള്ളതെന്നും വിശദീകരിച്ചു. എന്നാൽ മുഴുവൻ തുകയും ഏബ്രഹാമിന് കൈമാറി നൽകുവാൻ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല. ആയതും ക്രമ നം 2 മുതൽ 7 വരെയുള്ള വ്യക്തികൾക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള അർഹമായ വേതനം ലഭ്യമായിട്ടുണ്ടെന്നതിന്റെ രേഖകളും (അക്കൌണ്ടിലേക്ക് ക്രെഡിറ്റായതിന്റെ തെളിവായി പാസ്ബുക്ക് പകർപ്പ്) ഹാജരാക്കേണ്ടതാണ്. ദിവസവേതനക്കാർക്കെല്ലാം അർഹമായ വേതനം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 66435/-രൂപ(83110-16675) തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിലും കവിഞ്ഞ അളവിൽ പ്രവൃത്തി നടപ്പാക്കുന്നു.

പായിപ്ര ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിലെ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, പല പ്രവൃത്തികളിലും എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിലും കവിഞ്ഞ അളവ് എം.ബുക്കിൽ രേഖപ്പെടുത്തി അതനുസരിച്ച് കരാറുകാർക്ക് തുക നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റില്ലാതെ തന്നെ 25% കൂടുതൽ അളവ് പ്രവൃത്തി നിർവ്വഹണത്തിൽ അനുവദനീയമാണെങ്കിൽത്തന്നെയും, പ്രസ്തുത പ്രവൃത്തികളുടെ ഫയലിൽ കൂടുതൽ അളവിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടതിന്റെ ആവശ്യകതയുടെ അടിസ്ഥാനമെന്തെന്ന് എവിടെയും രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ നടത്തിയ ഒരു പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/ നം. | ഭഗവതിക്കുളം സൈഡ് കെട്ട് S0346/20 |
| കരാറുകാരൻ | പി.എച്ച്.ഇലിയാസ് |
| എം.ബുക്ക് നം. | 47/19-20 |
| ബിൽ നം./ തുക | 44/19-20 233503 |

ഈ പദ്ധതിയുടെ താഴെ പറയുന്ന ഇനം പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ അളവിലും കവിഞ്ഞ അളവിൽ പ്രവൃത്തി നടത്തിയതായി എം.ബുക്കിൽ രേഖപ്പെടുത്തി, അതനുസരിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്.

| ഇനം | എസ്റ്റിമേറ്റ് പ്രകാരം | | | എം. ബുക്ക് പ്രകാരം | | | |
|---|---|---|---|---|---|---|---|
| | അളവ് | നിരക്ക് | നൽകിയ തുക | അളവ് | നിരക്ക് | നൽകിയ തുക | അധികം ചെലവായ തുക |
| 3. Providing Concrete For Plain/reinforced Concrete In Open Foundations | .925$M^3$ | 8015.21/$M^3$ | 7414.07 | 1.156 $M^3$ | 8015.21/$M^3$ | 9265.58 | 1851.51 |
| 4. Plain/reinforced Cement Concret In Structure Complete As Per Drawings And Technical Specification | .855$M^3$ | 8074.80/$M^3$ | 6903.95 | 1.069$M^3$ | 8074.80/$M^3$ | 8632.96 | 1729.01 |

ഈ പ്രവൃത്തിയിൽ മാത്രം 3580.52/-രൂപ അധികമായി ചെലവുണ്ട്. ഇത്തരത്തിൽ ധാരാളം പ്രവൃത്തികളിൽ ഇതേ പ്രവണത ഉണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റിലെ അളവിലും കവിഞ്ഞ അളവിൽ പ്രവൃത്തി നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ അതിന്റെ അടിസ്ഥാനമെന്തെന്ന് ഫയലിൽ രേഖപ്പെടുത്തി നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ടെണ്ടർ കുറവ് കിഴിക്കാതെ കരാറുകാർക്ക് തുക നൽകി

മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ കരാറുകാർക്ക് ടെണ്ടർ കുറവ് കിഴിക്കാതെ ബിൽ തുക നൽകിയതു വഴിയായി അധിക തുക ചെലവാകാൻ ഇടയായിട്ടുണ്ട്. വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-24 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ

2019-20 വാർഷിക പദ്ധതി രൂപീകരണ സമയത്ത് ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് പദ്ധതി തയ്യാറാക്കി ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് പദ്ധതിയിൽ 'ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ മരുന്ന് വാങ്ങാൻ തുക അനുവദിച്ച് നൽകണമെന്ന മെഡിക്കൽ ഓഫീസറുടെ ആവശ്യ പ്രകാരം അടിയന്തിര പ്രാധാന്യമുള്ള സംഗതിയായതിനാൽ 2,00,000/-രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും അടുത്ത പദ്ധതി ഭേദഗതി സമയത്ത് പദ്ധതി ഏറ്റെടുക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി

03.07.2019 ലെ 34(3) നമ്പർ തീരുമാനം എടുത്തു. അത് പ്രകാരം ചെക്ക് നമ്പർ 5777005 തീയതി 03.10.2019 മുഖേന 1,00,000/-രൂപ നിർവഹണോദ്യോഗസ്ഥന് അനുവദിക്കുകയും 09.10.2019 ലെ ചെക്ക് നമ്പർ 60690133 പ്രകാരം നിർവഹണോദ്യോഗസ്ഥൻ ഈ തുക ഉപയോഗിച്ച് ഔഷധിയിൽ നിന്ന് മരുന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്.

2019-20 വർഷം 4 ലക്ഷം രൂപ വികസനഫണ്ട് തനത് ഫണ്ട് എന്നിവ വേറെ വകയിരുത്തി 'ആയുർവേദാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. (പ്രോജക്ട് നമ്പർ 546/20).

പദ്ധതിയിലുൾപ്പെടുത്താതെ 09.10.2019 തീയതിയിൽ മരുന്ന് വാങ്ങുന്നതിന് തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച 1,00,000/-രൂപ പദ്ധതിയിലുൾപ്പെടുത്തി ക്രമീകരിക്കാൻ കമ്മിറ്റി തീരുമാനമെടുത്തിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

മരുന്ന് വാങ്ങൽ എന്നത് അതീവ പ്രാധാന്യമുള്ള വിഷയമായിരിക്കെ ആദ്യ ഘട്ടത്തിൽ ഈ പദ്ധതി വാർഷിക പദ്ധതിയിൽ ഉൾപ്പെടാതിരുന്നത് പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണത്തിലെ പിഴവാണ്. ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 17.09.2021 ലെ 17ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സാങ്കേതിക കാരണങ്ങളാലാണ് ആദ്യഘട്ടത്തിൽ പദ്ധതി ഉൾപ്പെടാതിരുന്നതെന്നും പിന്നീട് ക്രമീകരിക്കാൻ ഉദ്ദേശിച്ചിരുന്നെങ്കിലും അത് നടന്നിരുന്നില്ലെന്നുമാണ് വിശദീകരിച്ചത്. പദ്ധതി രൂപീകരിക്കാതെ ഒരു ലക്ഷം രൂപ ചെലവഴിച്ച് വാങ്ങൽ നടത്തുന്നത് ശരിയായ പ്രവൃത്തിയല്ല. മരുന്ന് പോലുള്ള അവശ്യ വസ്തുവായതിനാൽ അടിയന്തിര പ്രാധാന്യം നൽകി തനത് ഫണ്ടുപയോഗിച്ച് വാങ്ങുകയായിരുന്നെന്ന വിശദീകരണം അംഗീകരിക്കുന്നുവെങ്കിലും പദ്ധതി ആസൂത്രണം കാര്യക്ഷമമല്ലാത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നതെന്നതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

## 1-25 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ(പി)നം. 259/2010/ത.സ്വ.ഭ. വ തീയതി 8.11.2010,2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടിക്രമം പാലിച്ചിട്ടില്ല എന്നു കാണുന്നു. വാങ്ങൽ പ്രക്രിയയിലെ സുതാര്യത, സാധനങ്ങളുടേയും സേവനങ്ങളുടേയും ഗുണനിലവാരം, ഒരുമിച്ച് വാങ്ങുമ്പോഴുള്ള സാമ്പത്തികമെച്ചം തുടങ്ങി വാങ്ങൽ നടപടിക്രമങ്ങളിൽ ഒരു സമഗ്ര വീക്ഷണം ഉറപ്പു വരുത്തുന്ന രീതിശാസ്ത്രമാണ് മാന്വലിൽ പ്രതിപാദിക്കുന്നത്.

2019-20 സാമ്പത്തിക വർഷം താഴെപ്പറയുന്ന വാങ്ങലുകൾ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് | ചെലവ് തുക |
|---|---|---|---|
| 1 | വെറ്ററിനറി സർജൻ | മൃഗാശുപത്രിയിലേക്ക് കൺസ്യൂമരബിൾസും, ഉപകരണങ്ങളും,ഫർണീച്ചറുകളും വാങ്ങൽ(313/20) | 26500 |
| 2 | ഐ സി.ഡി.എസ് സൂപ്പർവൈസർ | വയോജനങ്ങൾക്ക് കട്ടിൽ(330/20) | 296562 |
| 3 | സെക്രട്ടറി | തെരുവിളക്ക് റിപ്പയറിംഗ്-റിപ്പയറിംഗ് സാമഗ്രികൾ വാങ്ങൽ(234/20) | 289116 |
| 4 | ” | തെരുവിളക്ക് റിപ്പയർ-സാമഗ്രികൾ വാങ്ങൽ(311/20) | 126271 |
| 5 | ഹെഡ്മാസ്റ്റർ | തൃക്കളത്തൂർ ഗവ.എൽ.പി.ജി.സ്കൂളിലേക്ക് ഫർണീച്ചർ വാങ്ങൽ(329/20) | 67398 |
| 6 | അസി.സെക്രട്ടറി | ബിരുദ-ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിക്കൽ(211/20) | 687225 |
| 7 | ” | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ(212/20) | 100038 |
| 8 | ” | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പി.വി.സി വാട്ടർടാങ്ക് നൽകൽ(213/20) | 30885 |

മേൽപ്പറഞ്ഞിട്ടുള്ള 8 പ്രൊജക്ടുകൾക്കായി 5നിർവ്വഹണോദ്യോഗസ്ഥർ നടത്തിയിട്ടുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെയും, ഫർണ്ണിച്ചറുകളുടെയും,മറ്റ് ഉപകരണങ്ങളുടെയും വാങ്ങലുകൾ പരിശോധിച്ചാൽ വാങ്ങൽ നടപടിക്രമം, ജി.ഒ(പി) 259/2010/LSGD തീയതി 8.11.2010 നമ്പർ പ്രകാരമുള്ള പ്രാദേശിക സർക്കാറുകൾക്കായി പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെയാണെന്ന് വ്യക്തമാകുന്നു. ഇതിന്റെ സംക്ഷിപ്തം താഴെ പറയും പ്രകാരമാണ്.

1. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും അവരുടെ പ്രൊജക്ട് നിർവ്വഹണത്തിനും ഓഫീസ് ഉപയോഗത്തിനും ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ പ്രൊക്വർമെന്റ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് (സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുമ്പ് തന്നെ നിയമം അനുശാസിക്കുംവിധം വാർഷിക പദ്ധതിക്ക് ഡിപിസി അംഗീകാരം വാങ്ങിയാൽ മാത്രമാണ് ഇത് സാധ്യമാകുക. അല്ലാത്ത പക്ഷം ഡിപിസി അംഗീകാരം ലഭ്യമായ ഉടനെ ആവശ്യം അറിയിക്കേണ്ടതാണ്).

2. പ്രൊക്യൂർമെന്റ് കമ്മിറ്റി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും ഓഫീസിന്റേയും ആവശ്യങ്ങൾ പരിശോധിച്ച് പൊതുവായ സാധനങ്ങൾ ഗ്രൂപ്പ് ചെയ്ത്, എണ്ണം കണക്കാക്കി, വാങ്ങുന്ന രീതി (നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ) തീരുമാനിക്കേണ്ടതാണ്. തീരുമാനം, അംഗീകരിച്ച പ്രൊജക്ടിലെ വാങ്ങൽ രീതിയുമായി പൊരുത്തപ്പെടേണ്ടതോ അല്ലാത്ത പക്ഷം മാന്വലിലെ രീതിശാസ്ത്രം അവലംബിക്കുന്നത് സാധ്യമാകും വിധം പ്രൊജക്ടിൽ ഭേദഗതി വരുത്തുകയോ ചെയ്യേണ്ടതാണ്)

3. പ്രൊക്യൂർമെന്റ് കമ്മിറ്റി നിർദ്ദേശിക്കുന്ന രീതിയിൽ (നേരിട്ട്,ടെണ്ടർ,മറ്റ് വിധത്തിൽ) സാധനങ്ങൾ വാങ്ങുന്നതിന്, പ്രൊക്യൂർമെന്റ് ടീം സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്ന നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ചെയ്ത് സ്ഥാപനത്തെ തെരഞ്ഞെടുക്കുക, നേരിട്ടുള്ള വാങ്ങലിന്റെ സംഗതിയിൽ സ്ഥാപനവുമായി ബന്ധപ്പെടുക തുടങ്ങിയ നടപടികൾ ഈ ടീം

നടത്തേണ്ടതാണ്.

4. പ്രൊക്യൂർമെന്റ് ടീം തെരഞ്ഞെടുത്ത് നല്കുന്ന സ്ഥാപനത്തിൽ നിന്നും കരാർ വച്ച് , ഓർഡർ നൽകി, സാധനങ്ങൾ സ്വീകരിച്ച്, പേമെന്റ് നടത്തി, പ്രൊജക്ട് നിർവ്വഹണം പൂർത്തീകരിക്കുക എന്ന ജോലി നിർവ്വഹണോദ്യോഗസ്ഥൻ നിർവ്വഹിക്കേണ്ടതാണ്

5. നേരിട്ട്, ടെണ്ടർ, മറ്റ് വിധത്തിൽ വാങ്ങുന്ന സംഗതികളിലൊക്കെ മാന്വലിൽ നിർദ്ദേശിച്ച പ്രകാരം രൂപീകരിക്കുന്ന സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങളുടെ സാന്നിധ്യം ഉണ്ടാകേണ്ടതും, വാങ്ങൽ പ്രക്രിയ മുഴുവൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചു വേണം ഉപകരണങ്ങൾ വാങ്ങേണ്ടത്. വിവിധ നിർവ്വഹണോദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനോ നേരിട്ട് വാങ്ങുന്ന സംഗതിയിൽ സ്ഥാപനത്തെ സമീപിക്കുന്നതിനോ അനുമതി നല്കുക, ടെണ്ടർ അംഗീകരിക്കുക എന്നീ പ്രക്രിയകൾ പ്രൊക്യൂർമെന്റ് ചെയ്യുന്നതായാണ് മിനിട്സ് വ്യക്തമാക്കുന്നത്. മേൽപ്പറഞ്ഞിട്ടുള്ള വാങ്ങലുകൾ നടത്തിയതിൽ തെരുവിളക്ക് റിപ്പയറിംഗ്-റിപ്പയറിംഗ് സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ടിന് മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി കൃത്യമായി യോഗം(29.11.2019,20.12.2019 തീയതികളിൽ) ചേർന്നിട്ടുള്ളത്. ബാക്കിയുള്ള വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച നടന്നിട്ടില്ല. മാന്വലിന്റെ അന്തസത്തയുമായി നേരിട്ട് ബന്ധമില്ലാത്ത ഈ പ്രവർത്തനം ഒഴിച്ചാൽ വാങ്ങൽ പ്രക്രിയയിൽ സുതാര്യത, സാമ്പത്തികമെച്ചം, ഗുണമേന്മ എന്നിവ ഉറപ്പുവരുത്തുന്നതിന് സ്ഥാപനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.
മാന്വലിലെ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലനം മേല്പറഞ്ഞ വാങ്ങലുകളുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച അപാകതകൾക്കിടയാക്കി. പരമപ്രധാനമായ സുതാര്യതയും, സാമ്പത്തികമെച്ചവും വാങ്ങലുകളിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതു കൂടാതെ വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലും സ്ഥാപനം പരാജയപ്പെട്ടു. താഴെ പറയുന്ന വീഴ്ച ഇക്കാര്യത്തിൽ സംഭവിച്ചു.
മേല്പറഞ്ഞ ഉപകരണങ്ങളൊന്നും തന്നെ, പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങൾ സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും പരിശോധിച്ചിട്ടില്ല.
ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങലുകൾ നടത്തിയിട്ടുള്ളത് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെയല്ല.
ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രത്യേകം തയ്യാറാക്കിയ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെയായിരിക്കണമെന്ന് 18.11.2017ലെ ജി.ഒ(എം.എസ്) 24/2017/ITD നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. വിവിധ സ്ഥാപനങ്ങൾ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോഴുള്ള ടെണ്ടർ ഉൾപ്പടെയുള്ള നടപടിക്രമങ്ങൾ കുറക്കുക, ഒന്നിച്ചു വാങ്ങുമ്പോഴുള്ള സാമ്പത്തിക മെച്ചം ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ തന്നെ കെൽട്രോൺ മുഖേന ടെണ്ടർ നടത്തിയാണ് കുറഞ്ഞ വിലയിൽ മേൽ പോർട്ടൽ വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നത്. വളരെ ലളിതമായും കുറഞ്ഞ വിലയിലും കമ്പ്യൂട്ടറുകളടക്കമുള്ള ഉപകരണങ്ങൾ പോർട്ടൽ വഴി ലഭ്യമായിരിക്കെ ഇത് പ്രൊക്യൂർമെന്റ് കമ്മിറ്റി ഉപയോഗപ്പെടുത്താത്തത് വിശദീകരിക്കേണ്ടതാണ്.

കൂടാതെ ഇനിമുതൽ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് പോർട്ടൽ വഴി മാത്രമായിരിക്കണമെന്നും ഇത് പാലിക്കാതെ ടെണ്ടർ ഉൾപ്പടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് ഉപകരണങ്ങൾ വാങ്ങിയാൽ, വാങ്ങുന്ന ഇനത്തിന് പോർട്ടലിൽ ലഭ്യമായ വിലയിൽ കൂടുതൽ ചെലവുവരുകയാണെങ്കിൽ അധിക തുക വാങ്ങുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതാണെന്ന് ഇതുമായി ബന്ധപ്പെട്ട് 18.3.2019ന് ഐ ടി സെൽ- 1/26/2019/ITD നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ഓഡിറ്റ് എൻക്വയറി(നം.19/17.09.2021)മുഖാന്തിരം ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടിയിൽ മുൻ വർഷങ്ങളിൽ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിലൂടെ വാങ്ങലുകൾ നടത്തുമ്പോൾ സമയബന്ധിതമായി സാധനങ്ങൾ ലഭിക്കാറില്ലാത്തതു കൊണ്ടാണ് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതെന്നും അറിയിച്ചു. എന്നാൽ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതും,ആയതു പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെ വിവരം അറിയിച്ചില്ല

മെയിന്റനൻസ് ഗ്രാന്റ്(റോഡ്-റോഡിതരം) ആവശ്യമെങ്കിൽ തനത് ഫണ്ടും വകയിരുത്തി ആസ്തികളുടെ സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് തലത്തിൽ സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ തൻ വർഷം ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 82 | 25 | 23922768 | 6912696 | 28.89 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 20 | 6 | 5413508 | 2139040 | 39.51 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക,സേവനം നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക,സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക,ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിരവധി പുറമ്പോക്ക് സ്ഥലങ്ങളും, കുളങ്ങളും ഒക്കെ ശരിയായ പരിശോധനകൾ നടത്താത്തതു കാരണം ഇത്തരം ആസ്തികൾ സ്വകാര്യ വ്യക്തികൾ കൈയ്യേറുന്ന അവസ്ഥയാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ പരിപാലിക്കുന്നതായി സർക്കുലർ നം. 50412/ഡി.ബി.2/2011/ത.സ്വ.ഭ.വ,തീയതി 13.10.2011 ലെ ഉത്തരവ് പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2 /2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ പുതുതായി നിർമ്മിച്ചിട്ടുള്ള

റോഡുകൾ,പാലങ്ങൾ,കെട്ടിടങ്ങൾ,പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ എന്നിവ കൃത്യമായി ആസ്തിയിൽ ഉൾപ്പെടാത്ത അവസ്ഥയാണുള്ളത്.

ഗ്രാമപഞ്ചായത്ത് ഓഫീസിന് മാത്രമാണ് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. എന്നാൽ, പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന് പ്രോജക്ടുകൾ ആവിഷ്കരിച്ചതിലും നടപ്പിലാക്കിയതിലും ആകെ ചെലവിലും പ്രതിഫലിക്കുന്നതായി കാണുന്നു. മേൽ അപാകത വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(02/08.09.2021)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണി-പദ്ധതി നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/പേര് | 498/20 (SO)<br>സോഡിയം വേപ്പർ ലാമ്പുകളുടെ അറ്റകുറ്റപ്പണി |
| അടങ്കൽ | 400000/- (തനത് ഫണ്ട്) |
| ചെലവ് | 399200/- (തനത് ഫണ്ട്)<br>ചെക്ക് നം/തീ: STSB-5777031/25.11.2019 |
| നിർവഹണം | സെക്രട്ടറി |

മേൽ പദ്ധതിക്കായി ലഭ്യമായ രണ്ട് ടെണ്ടറുകളിൽ ഓർഡിനറി പോസ്റ്റിൽ 3200/-രൂപ നിരക്കിലും കെ എസ് റ്റി പി പോസ്റ്റിൽ 7200/-രൂപ നിരക്കിലും ലാമ്പുകൾ റിപ്പയർ ചെയ്യുന്നതാണെന്ന് ക്വോട്ട് ചെയ്ത സ്കറിയ.കെ.വി,കൊച്ചുകുടിയിൽ,മാറാടി എന്ന വ്യക്തിയുടെ ടെണ്ടർ അംഗീകരിക്കുകയും ( കമ്മിറ്റി തീരുമാനം നമ്പർ- 1(3) തീയതി-28.02.19 ) പ്രവൃത്തിപൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പ് വർഷം തനത് ഫണ്ടിൽ നിന്നും 399200/-രൂപ കരാറുകാരന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെപ്പറയുന്നു.

1) വിവിധ വാർഡുകളിലെ ഓർഡിനറി പോസ്റ്റുകളിൽ 28 ലാമ്പുകളും കെ എസ് റ്റി പി പോസ്റ്റുകളിൽ 43 ലാമ്പുകളും റിപ്പയർ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 399200/- രൂപ ( 28x3200+ 43x7200) കരാറുകാരന് നൽകിയിട്ടുള്ളത്. എന്നാൽ സോഡിയം ലാമ്പുകൾ ഏത് വാർഡിൽ, എത്രയെണ്ണം ഉണ്ടെന്നുള്ള കണക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല. റിപ്പയർ ചെയ്ത ലാമ്പുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിലേയ്ക്ക് സ്ട്രീറ്റ് ലൈറ്റുകളുടെ ഇനം, എണ്ണം ,പോസ്റ്റ് നമ്പർ എന്നീ വിവരങ്ങൾ വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല(എൻക്വയറി നം.6/11.09.2021).

2) ലാമ്പുകൾ തെളിയുന്നില്ല അല്ലെങ്കിൽ റിപ്പയർ ആവശ്യമുണ്ടെന്ന് തെളിയിക്കുന്ന വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ചതും സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ തീ.15.09.2011 പ്രകാരം സൂക്ഷിക്കേണ്ടതുമായ പരാതി രജിസ്റ്റർ ലഭ്യമാക്കിയില്ല.

3) ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും (399200/-രൂ) ഒരു ശതമാനം നിരക്കിൽ ആദായനികുതി, ക്ഷേമനിധി വിഹിതം എന്നിവ കിഴിച്ച് 391216/- രൂപയാണ് കരാറുകാരന് പ്രതിഫലമായി നൽകിയിട്ടുള്ളത്. KGST Act, 2017 ലെ സെക്ഷൻ 51 (1) പ്രകാരം GST തുക ഒഴികെ 2.5 ലക്ഷം രൂപ കരാറുകാരന് നൽകുകയാണെങ്കിൽ (GST, SGST ഇനങ്ങളിൽ 2% (1%+ 1%) തുക 01.10.2018 മുതൽ കിഴിവ് വരുത്തേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല. കോമ്പൌണ്ടിംഗിന് അർഹതയുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്

4) 10000/-രൂപയാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി കരാറുകാരനിൽ നിന്നും ഈടാക്കിയത്(രസീത് നം.118010109590/27.02.2019). അടങ്കൽ തുകയുടെ 5% ഡെപ്പോസിറ്റായി ഈടാക്കണമെന്ന ടെണ്ടർ നിബന്ധന (നം.രണ്ട്) പാലിച്ചിട്ടില്ല.

5) കരാറുകാരന് സർക്കുലർ നമ്പർ 177/ഡി.എ.3/2016/ത.സ്വ.ഭ.വ,തീയതി 07.11.2017 പ്രകാരം കരാറുകാരന് സൂപ്പർവൈസറി ലൈസൻസും, ഇൻഷുറൻസും, ബി-ക്ലാസ് രജിസ്ട്രേഷനും,പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളിയ്ക്ക് ഇലക്ട്രീഷ്യൻ ലൈസൻസും ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവ ഉണ്ടെന്നതിന്റെ രേഖകൾ ഫയലിൽ ലഭ്യമായില്ല.
6) സർക്കുലർ നം. 65529/ഡി.സി.3/12/ത.സ്വ.ഭ.വ,തീയതി 12.03.2013 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ നിർദ്ദേശം പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും (എൻക്വയറി നം-6/11.9.21) ആവശ്യമായ രജിസ്റ്ററുകളും രേഖകളും പരിശോധനയ്ക്ക് ഹാജരാക്കി അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-28 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വിവിധ രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന രജിസ്റ്ററുകളുടെ പരിപാലനത്തിൽ അപാകങ്ങൾ ഉള്ളതായി കാണുന്നു.

1.ലോൺ രജിസ്റ്റർ- ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

2.ഓഡിറ്റ് ഒബ്ജക്ഷൻ/ഓഡിറ്റ് റിക്കവറി രജിസ്റ്റർ- റിക്കവറി വിവരങ്ങൾ കൃത്യമായി ചേർക്കുന്നില്ല.വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. 2017-18,2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടേ ഇല്ല.

3.സ്യൂട്ട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും കേസുകളുടെ തത്സ്ഥിതി വിവരം പ്രതിമാസം പുതുക്കി

രേഖപ്പെടുത്തിയിട്ടില്ല.

4.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ തുകകൾ പണമാക്കി ലഭിച്ച തീയതി ചേർത്ത് കാലികമാക്കുന്നില്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.04/20.09.2021)മുഖാന്തിരം ആവശ്യപ്പെട്ടതിന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം ചെയ്ത പദ്ധതികളിലെ അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥയായി 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ ക്യാൻസർ വിമുക്ത പഞ്ചായത്ത്, പകർച്ചവ്യാധി നിയന്ത്രണം എന്നീ പദ്ധതികൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു. ആയതിന് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം. 20/17.09.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | ക്യാൻസർ വിമുക്ത പഞ്ചായത്ത് (544/20) |
| അടങ്കൽ/ഫണ്ട് | 100000/- (തനത്ഫണ്ട്) |
| ചെലവ് | 48447/- [ചെക്ക് നം 5777075./ തീയതി-30.03.20] |
| റിമാർക്സ് | സമ്പൂർണ ക്യാൻസർ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചതിന് വാഹനവാടക, ഭക്ഷണം, പ്രോജക്ടർ വാടക, ബാനർ എന്നീ ഇനങ്ങളിലായിവിവിധ വ്യക്തികൾക്ക് നൽകി ചെലവഴിച്ചു |
| അപാകത | സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.11/2018 /തസ്വഭവ,,തീയതി29.01.2018,ഖണ്ഡിക7.7.2.1,7.7.2.3). അനുസരിച്ച് ബോധവൽക്കരണ പരിപാടികൾക്ക് മാത്രമായി പ്രോജക്ട് അനുവദനീയമല്ല. ബോധവൽക്കരണക്ലാസിനോടനുബന്ധിച്ച് ക്യാൻസർ പരിശോധന ക്യാമ്പുകൾ നടത്തിയിട്ടുണ്ടോയെന്നറിയിക്കേണ്ടതാണ്. ഇപ്രകാരം ക്യാമ്പ് നടത്തിയിട്ടില്ലെങ്കിൽ മാർഗരേഖ നിബന്ധനക്ക് വിരുദ്ധമായി ബോധവൽക്കരണപരിപാടിക്ക് മാത്രമായി പ്രോജക്ട് രൂപീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. |

:

| | |
|---|---|
| പ്രോജക്ട് | പകർച്ചവ്യാധി നിയന്ത്രണം<br>285/20 |
| അടങ്കൽ/ഫണ്ട് | 50000(തനത് ഫണ്ട്) |
| ആകെ ചെലവ് | ₹ 38,818/-<br>1)STSB-1468498/7.7.19, 7294/-<br>2)STSB-1924106/5.9.19, 2098/-<br>3)ചെക്ക് നം ലഭ്യമല്ല/7.11.19, 5745/-<br>4)STSB-5777035/13.12.19, 7343/-<br>5)PRCB-531100/22.1.20,2098/-<br>6)STSB-5777074/13.3.20, 14240/- |
| റിമാർക്സ് | പേഴയ്ക്കപ്പിള്ളി, പായിപ്ര സബ്സെന്ററുകളിൽ നടത്തിയ ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി ടാക്സി വാടകയിനത്തിൽ ജയൻ.കെ.എസിന് നൽകിയ തുക |
| അപാകത | 38818/-രൂപയിൽ 24578/-രൂപയുടെ ബില്ലുകളാണ് പരിശോധനയ്ക്ക് ലഭ്യമായത്. 14240/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്. |

പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്. ചെലവ് രേഖ ഹാജരാക്കുന്നതിന് വിധേയമായി 14,240/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-30 നിക്ഷേപ പ്രവൃത്തികൾ(കെ.എസ്.ഇ.ബി.)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2019-20 വാർഷിക പദ്ധതിയിൽപെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിലേയ്ക്ക് താഴെപ്പറയും വിധം കെ.എസ്.ഇ.ബി യ്ക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല(എൻക്വയറി നം.04/09.09.2021 ).

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | തുക |
|---|---|---|
| 1 | 243/20<br>(സ്ട്രീറ്റ് മെയിൻ വലിക്കൽ )<br>അടങ്കൽ-206830 | 206830 |

| | | |
|---|---|---|
| | (ധനകാര്യകമ്മീഷൻ അവാർഡ്)<br>ബിൽ നം/തീ :22/19-20, 31.12.19 | |
| 2 | 244/20<br>(സ്ട്രീറ്റ് മെയിൻ വലിക്കൽ )<br>വാർഡ് -4,ആറക്കാട്ട് കാവ്<br>അടങ്കൽ-140000<br>(ധനകാര്യകമ്മീഷൻ അവാർഡ്)<br>ബിൽ.നം/തീ:14/19-20, 17.10.19,46728/-<br>ബിൽ.നം/തീ:15/19-20, 17.10.19,91514/- (ആറാട്ട്കടവ്) | 138242 |
| 3 | 247/20<br>(സ്ട്രീറ്റ് മെയിൻ വലിക്കൽ W-18)<br>അടങ്കൽ -201156 (തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777013/19.10.19 | 201156 |
| 4 | 484/20<br>(പള്ളിച്ചിറ കോട്ടായിൽ റോഡിൽ ത്രീഫേസ് ലൈൻവലിക്കൽ)<br>അടങ്കൽ -46728 (തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777038/19.12.19 | 46728 |
| 5 | 542/20<br>(കുരിശുംപടി മില്ലുപടി റോഡിൽ ലൈൻമാറ്റി സ്ഥാപിക്കൽ)<br>അടങ്കൽ -85000 (തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777043/23.12.19 | 52055 |
| 6 | 559/20<br>(പന്തംകോട്ട്ചിറ മൂങ്ങച്ചാലിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ)<br>അടങ്കൽ-23145 (ധനകാര്യകമ്മീഷൻ അവാർഡ്)<br>ബിൽ.നം/തീ:36/19-20, 22.02.20 | 23145 |
| 7 | 308/20<br>(കോച്ചേരിക്കടവ് കളിക്കടവ് സ്ട്രീറ്റ് മെയിൻ വലിക്കൽ )<br>അടങ്കൽ -128362 (തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777001/18.09.19 | 128362 |
| | ആകെ | 796518 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക (796518/-രൂപ) തടസ്സപ്പെടുത്തുന്നു.

## 1-31 നിക്ഷേപ പ്രവൃത്തികൾ (വാട്ടർ അതോറിറ്റി)-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2019-20 വാർഷിക പദ്ധതിയിൽപെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിലേയ്ക്ക് താഴെപ്പറയും വിധം വാട്ടർ അതോറിറ്റിക്ക് തുക കൈമാറി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം.04/09.09.2021)

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | തുക |
|---|---|---|
| 1 | 228/20<br>(പുന്നക്കാല വിളക്ക് മറ്റം സൊസൈറ്റിപ്പടി പൈപ്പ് ലൈൻ സ്ഥാപിക്കൽ W-21)<br>അടങ്കൽ-130000 (ധനകാര്യകമ്മീഷൻ അവാർഡ്)<br>ബിൽ നം/തീ :18/19-20, 08.11.19 | 130000 |
| 2 | 306/20<br>(മേക്കാലിത്താഴം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ W-1)<br>അടങ്കൽ -100000(തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777012/19.10.19 | 90000 |
| 3 | 485/20<br>(പുന്നോപ്പടി-വീട്ടൂർ-തേരാപ്പാറ കുന്നേൽ റോഡിൽ പൈപ്പ് ലൈൻനീട്ടൽ ) | 350000 |

| | | |
|---|---|---|
| | അടങ്കൽ -350000 (തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777051/22.01.20 | |
| 4 | 486/20<br>(വിളക്കത്ത് അഹമ്മദ് ലബ്ബ കനാൽ ബണ്ട് റോഡ് പൈപ്പ് ലൈൻനീട്ടൽ )<br>അടങ്കൽ-75000 (ധനകാര്യകമ്മീഷൻ അവാർഡ്)<br>ബിൽ നം/തീ :20/19-20, 18.1.20 | 75000 |
| 5 | 527/20<br>(മാന്നാറി മിച്ചഭൂമിയിൽ പൈപ്പ് ലൈൻനീട്ടൽ )<br>അടങ്കൽ -90000 (തനത് ഫണ്ട്)<br>ചെക്ക് നം/തീ : STSB-5777012/19.10.19 | 90000 |
| | ആകെ | 735000 |

കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് പായിപ്ര. കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിററി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 735000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2019-20 വാർഷിക പദ്ധതിയിൽ പെടുത്തി പ്രവർത്തന ഫണ്ടിനത്തിൽ ഐ.കെ.എം ന് താഴെപ്പറയും വിധം തുക കൈമാറി നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല (എൻക്വയറി നം. 04/09.09.2021)

പ്രോജക്ട് നം. – 222/20 (ഐ.കെ.എം ഷെയർ)
നിർവഹണം - സെക്രട്ടറി
അടങ്കൽ – 105888 (വികസന ഫണ്ട്)
ചെലവ് - 105888 (ബിൽ.നം/തീ:13/19-20, 17.10.19)

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് വിധേയമായി 105888/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 തൊഴിലുറപ്പ് പദ്ധതി അവലോകനം

2019-20 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 5389 |
| ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ | 8255 |
| ആക്ടീവായ ഗുണഭോക്താക്കൾ | 2177 |
| 2019-20 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 77689 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 150 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 31804495 |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ —791
പൂർത്തിയാക്കിയ വർക്കുകൾ-- 400
നടത്തിയ പ്രധാനപദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| വൃക്ഷത്തൈ നട്ട് പരിപാലനം | 4 | 1 |
| വെള്ളപ്പൊക്ക നിയന്ത്രണം | 12 | 12 |
| ഭൂവികസനം | 6 | 5 |
| ജലസേചന കനാലുകൾ | 29 | 29 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 67 | 62 |
| റോഡ് കണക്റ്റിവിറ്റി | 61 | 31 |
| റൂറൽ ഡ്രിങ്കിംഗ് വാട്ടർ | 2 | 2 |
| ജല സംരക്ഷണം | 122 | 111 |
| വ്യക്തിഗത ഗുണഭോക്താക്കളുടെ | 488 | 147 |
| ആകെ | 791 | 400 |

തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

മെറ്റീരിയലുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയലുകൾ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിലെടുക്കുയോ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. കരാറുകാരൻ നൽകുന്ന ബിൽ പ്രകാരം തുക അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് അളവ് എടുത്തിട്ടില്ല

സപ്ലൈ ചെയ്ത സാധനങ്ങൾ സ്റ്റാക്ക് ചെയ്ത് അളവ് തിട്ടപ്പെടുത്താതെ, ഒരു വർക്കിന് ആവശ്യമായ സാധനങ്ങളുടെ അളവ് പ്രകാരമുള്ള തുക കരാറുകാരന് നൽകുകയാണ് ചെയ്യുന്നത്. വാങ്ങിയ സാധനങ്ങൾ അളവെടുത്ത് സ്റ്റോക്കിലെടുക്കേണ്ടതും, തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) നം 93/2012/തസ്വഭവ തീയതി 31.03.2012 ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

## 1-33-1 തൊഴിലുറപ്പ്-മെറ്റീരിയൽ സപ്ലൈ-നിയമാനുസൃത നികുതികൾ ഈടാക്കിയില്ല

2019-20 വർഷം ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/ എം ബുക്ക് നം. | കരാറുകാരന്റെ പേര്/മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|
| പന്തംകോട്ട്ചിറ റോഡ് സൈഡ് കെട്ടി കോൺക്രീറ്റിംഗ്-റീച്ച് 5/ 340/19-20 | അലി പി എം/ 359458/- | 7189/- | 13.03.2020 |
| പന്തംകോട്ട്ചിറ കിഴക്കിനേടം റോഡ് വിരികല്ല് വിരിക്കൽ/ 321/19-20 | ആർ.സാബു/ 4,14,894/- | 8298/- | 07.03.2020 |
| കൊല്ലംകോട്ട് പാടം റോഡ് കോൺക്രീറ്റിംഗ് / 383/19-20 | ടോണി ജോസ്/ 342337/- | 6847/- | 24.03.2020 |
| ആകെ | | 22334/- | |

നിയമനുസൃത നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.09.2021 ലെ 28ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. നികുതി തുക 22,334/- രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവനം (എസ്.സി)-നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2019-20 വർഷം വി.ഇ.ഒ മുടവൂർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനം (എസ്.സി) പദ്ധതിയിൽ (നം- 299 /20, അടങ്കൽ – ₹40 ലക്ഷം, ചെലവ് – ₹12,80,000/- 15 ബില്ലുകളിലായി മാറിയിരിക്കുന്നു ) ആകെ 16 ഗുണഭോക്താക്കൾ തൻവർഷം ഭവനനിർമാണത്തിനായി കരാർ വച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണ പുരോഗതി താഴെക്കൊടുക്കുന്നു.

| പൂർത്തികരണ സ്റ്റേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ബേസ്മെന്റ് | 1 |
| ലിന്റൽ | 1 |
| റൂഫ് | 4 |
| മുഴുവൻ പൂർത്തീകരിച്ചത് | 10 |

തൻവർഷം കരാർ ചമച്ച് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ആറ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവനം (ജനറൽ)- നിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ 2019-20 വർഷം വി.ഇ.ഒ പായിപ്ര നിർവ്വഹണം നടത്തിയ ലൈഫ് ഭവനം (ജനറൽ) പദ്ധതിയിൽ (നം- 254/20, അടങ്കൽ – ₹2,40,00,000/-, ചെലവ് – ₹2,20,54,873/-, 19 ബില്ലുകളിലായി മാറിയിരിക്കുന്നു) തൻവർഷംആകെ 6 ഗുണഭോക്താക്കൾ ഭവനനിർമാണത്തിനായി കരാർ വച്ചിരുന്നു. പദ്ധതിയുടെ പൂർത്തീകരണ പുരോഗതി താഴെക്കൊടുക്കുന്നു.

| പൂർത്തികരണ സ്റ്റേജ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ബേസ്ബമെന്റ് | 1 |
| ലിന്റൽ | - |
| റൂഫ് | 1 |
| മുഴുവൻ പൂർത്തീകരിച്ചത് | 4 |

തൻവർഷം കരാർ ചമച്ചവരിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത സുമതി കുട്ടപ്പൻ, പങ്കജവല്ലി ബാലകൃഷ്ണൻ എന്നീ രണ്ട് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 സർക്കാർ ഉത്തരവ് പാലിക്കാതെ ദിവസവേതന ജീവനക്കാരെ നിയമിക്കുന്നു

സർക്കാർ ഉത്തരവ് (അച്ചടി)നം.81/2019 ധന 09.07.2019 പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസംവരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് സർക്കാർ അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 2019-20 വർഷം വാർഷികധനകാര്യ പത്രിക പ്രകാരം 2123660/- രൂപയാണ് ദിവസ വേതന ജീവനക്കാരുടെ ശമ്പളയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്.

പഞ്ചായത്തിലെ അംഗീകൃത തസ്തികകളുടെ എണ്ണം, 2019-20 വർഷം ഈ അംഗീകൃത തസ്തികകളിൽ ഒഴിവുണ്ടായിരുന്ന തസ്തികകളുടെ എണ്ണം എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാനും പഞ്ചായത്ത് ഓഫീസ്, വെറ്റിനറി ഡിസ്പെൻസറി, എൽ.എസ്.ജി.ഡി ഓഫീസ് എന്നിവിടങ്ങളിൽ നിയമിച്ചിട്ടുള്ള 4 കരാർ ജീവനക്കാരെ നിയമിക്കുന്നതിന് വകുപ്പ് മേധാവിയുടെയും സർക്കാരിന്റെയും അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ 17.09.2021 ലെ 18ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പാലിക്കാതെ കരാർ ജീവനക്കാരെ നിയമിക്കുകയും വേതനം നൽകി അധികച്ചെലവ് വരുത്തുകയും ചെയ്യുന്നത് ഭരണസമിതി പുനഃപരിശോധിക്കേണ്ടതും ഇത്തരം നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടി മാത്രം നടത്തുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

### 2-1 ഭൂവികസന പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

ശ്രീമതി സുഹൈറത്ത്ബീവി, ആലുമ്മൂട്ടിൽ, മാനാറി എന്ന വ്യക്തിക്ക് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള മുളവൂർ വില്ലേജിലെ 1083/6-1-6 സർവെ നമ്പർ സ്ഥലം 13.15 ആർ വിസ്തൃതിയിൽ ഭൂവികസനം നടത്തുന്നതിന് എ7/746/2020, തി. 16.03.2020 നം. പെർമിറ്റ് നൽകിയിരുന്നു. ഭൂവികസന പെർമിറ്റ് ഫീസിനത്തിൽ 750/- രൂപ (രസീത് നം. 119010112026/06.03.2020) ഈടാക്കിയിട്ടുണ്ട്.

2019ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക Ii പ്രകാരം ചട്ടം 31(1), (2), (3) എന്നിവ പ്രകാരമുള്ള ഭൂവികസ പ്രവർത്തനങ്ങൾക്ക് ആറിന് 750 രൂപ വീതം പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, ഗാർഹിക ആവശ്യത്തിന് വേണ്ടി ചട്ടം31(1) എന്നിവ പ്രകാരം അനുവദിച്ച മേൽ സൂചിപ്പിച്ച ഭൂവികസന പെർമിറ്റിന് ഇപ്രകാരം ഫീസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ഭൂവികസന പെർമിറ്റ് നം. തിയതി | എ7/746/2020/16.03.2020 |
| പ്ലോട്ടിന്റെ സർവെ നം. | 1083/6-1-6 |
| ഭൂവികസനം അനുവദിച്ച വിസ്തൃതി | 13.15 ആർ |
| ഈടാക്കേണ്ട ഫീസ് (13.15x750) | 9863/- |
| ഈടാക്കിയ ഫീസ് | 750/- |
| കുറവ് | 9113/- |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 24/17.09.2021) മറുപടി ലഭിച്ചില്ല. ആയതിനാൽ, ഭൂവികസന പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 9113/- രൂപ ബന്ധപ്പെട്ട സ്ഥല ഉടമയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

### 2-2 എഫ്എആർ അധിക ഫീസ് ഈടാക്കിയില്ല

ശ്രീ അലിയാർ, പട്ടാലയിൽ, പല്ലാരിമംഗലം എന്ന വ്യക്തിക്ക് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള വെള്ളൂർക്കുന്നം വില്ലേജിലെ 870/10-A-7, 870/10-A-8 എന്നീ സർവെ നമ്പർ സ്ഥലത്ത് 734.39 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വാണിജ്യ-പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് എ5-38129 /2019 /03.05.3019 നം. പെർമിറ്റ് നൽകിയിരുന്നു. കെട്ടിട പെർമിറ്റ് ഫീസിനത്തിൽ 3672/-രൂപ (രസീത് നം. 119010102244/12.06.2019), ഈടാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്ലോട്ടിന്റെ വിസ്തീർണ്ണം | 405 ച,മീ. |
| കെട്ടിടത്തിന്റെ വിസ്തൃതി | 734.39 ച,മീ. |
| വിനിയോഗ ഗണം | വാണിജ്യം 212.78 ച,മീ. |
| | പാർപ്പിടം 521.61 ച,മീ. |
| എഫ്എആർ | 1.81 |
| കവറേജ് | 42.93% |

2011ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 35(iii) പ്രകാരം പ്ലോട്ടിന്റെ വിസ്തീർണ്ണം 0.5 ഹെക്ടർ വരെയാണെങ്കിൽ തറവിസ്തീർണ്ണാനുപാതം (FAR) കണക്കാക്കേണ്ടത് ഏറ്റവും നിയന്ത്രിത കൈവശാവകാശ ഗണത്തിന്റേതായിരിക്കും . കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണം ചട്ടങ്ങളിലെ ചട്ടം 35 പട്ടിക 2 പ്രകാരം 300 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള പാർപ്പിട എ1 കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദനീയമായ എഫ്എആർ 1.75 ആണ്. അധിക തറവിസ്തീർണ്ണത്തിന്റെ ഓരോ ചതുരശ്ര മീറ്ററിനും 5000 രൂപ എന്ന നിരക്കിൽ അധിക ഫീസോട്

കൂടി 2.5 വരെ അനുവദിക്കാവുന്നതാണ്.

ഇത് പ്രകാരം 405 ച.മീ. വിസ്തൃതിയുള്ള ടി പ്ലോട്ടിൽ അധിക ഫീസ് ഇല്ലാതെ അനുവദിക്കാവുന്ന ആകെ തറവിസ്തീർണ്ണം 708.75 ച.മീ. (405x1.75) മാത്രമാണ്. എഫ്എആർ കണക്കാക്കുമ്പോൾ അനുവദനീയമായ പരിധിയേക്കാൾ 25.64ച.മീ. തറവിസ്തീർണ്ണം കൂടുതലുള്ള ടി കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചപ്പോൾ അധികനിരക്കായി 128200/- (25.64x5000) രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ, അധിക തറവിസ്തീർണ്ണത്തിന് അധിക ഫീസ് ഈടാക്കിയിട്ടില്ല.

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/13.09.2021) പ്രസ്തുത കെട്ടിടത്തിൽ ഏറ്റവും നിയന്ത്രിത കൈവശ ഗണം വാണിജ്യം (ഗ്രൂപ്പ് F) ആണെന്നും, ആയതിന് അധിക ഫീസ് ഇല്ലാതെ തറവിസ്തീർണ്ണാനുപാതം (FAR) 2.75 വരെ അനുവദിക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്. ചട്ടം 35 പട്ടിക 2(5b) പ്രകാരം 300 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള പാർപ്പിട A1 കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദനീയമായ എഫ്എആർ 1.75 ആണ്. അധിക ഫീസോട് കൂടി 2.5 വരെയുമാണ്. എന്നാൽ, കച്ചവടം/വാണിജ്യം-F കെട്ടിടങ്ങൾക്ക് അധിക ഫീസ് ഇല്ലാതെ അനുവദനീയമായ എഫ്എആർ 2.75 ആണ്. അധിക ഫീസോട് കൂടി 3.5 വരെയുമാണ്. ആയതിനാൽ, ചട്ടം 35(iii) പ്രകാരം പ്രസ്തുത കെട്ടിടത്തിന് ബാധകമായ ഏറ്റവും നിയന്ത്രിത കൈവശ ഗണം 300 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള പാർപ്പിട എ1 ആണ്. ആയതിനാൽ, ബന്ധപ്പെട്ട കെട്ടിട ഉടമയിൽ നിന്നും അധിക തറവിസ്തീർണ്ണത്തിന് 128200/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

## ഭാഗം -3

### 3-1 കരാറുകാരന് അധിക തുക നൽകി

1.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 356/20<br>മൂലംകുഴി റോഡ് കോൺക്രീറ്റിംഗ് |
| കരാറുകാരൻ | ശ്രീ. സുമീർ. എൻ.എ. |
| എം.ബുക്ക് നം. | 1180/19 |
| ബിൽ നം./തുക | 07/27.07..2019 ₹288827/- |

ഈ പ്രവൃത്തിയ്ക്ക് ടെണ്ടർ സമർപ്പിച്ച മേൽ കരാറുകാരൻ എസ്റ്റിമേറ്റിലും 21.2% കുറവ് തുകയാണ് ക്വാട്ട് ചെയ്തിരുന്നത് . ₹ 290000/- അടങ്കലായി വിഭാവനം ചെയ്ത ഈ പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യം ₹288827/- ആണ്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറയ്ക്കാതെ, നിയമപ്രകാരമുള്ള നികുതികൾ മാത്രം കിഴിവ് ചെയ്ത് ₹ 277275/-കരാറുകാരന് നൽകിയിട്ടുണ്ട്. കരാറുകാരന് നൽകേണ്ടിയിരുന്ന തുക താഴെ പറയും പ്രകാരം ₹ 218492/- ആണ്.

| | |
|---|---|
| ആകെപ്രവൃത്തി മൂല്യം | ₹288827/- |
| (-) ടെണ്ടർ കിഴിവ് 21.2% (₹ 61231) | ₹ 227596/- |
| (-) നികുതികൾ (2276X4= 9104)<br>(IT @ 1% = 2276<br>KCWWF @ 1% = 2276<br>GST @ 1% = 2276<br>SGST @ 1% = 2276 ) | ₹ 218492/- |
| കരാറുകാരന് നൽകേണ്ട തുക | ₹ 218492/- |
| അധികം നൽകിയ തുക 277275 -218492 | ₹ 58783/- |

കരാറുകാരന് അധികം നൽകിയ ₹ 58783/- തിരികെ ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 197/20<br>66-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം |
| കരാറുകാരൻ | റ്റി.കെ.അലിയാർ |
| എം.ബുക്ക് നം. | 52/19-20 |
| ബിൽ നം./തുക | 55/25.2.2020 ₹63278/- |

ഈ പ്രവൃത്തിയ്ക്ക് ടെണ്ടർ സമർപ്പിച്ച മേൽ കരാറുകാരൻ എസ്റ്റിമേറ്റിലും 5% കുറവ് തുകയാണ് ക്വാട്ട് ചെയ്തിരുന്നത് . ₹ 300000/- അടങ്കലായി വിഭാവനം ചെയ്ത ഈ പദ്ധതിയുടെ ആകെ പ്രവൃത്തി മൂല്യം ₹63278/- ആണ്. എന്നാൽ പ്രവൃത്തിയുടെ ബിൽ തുക നൽകിയപ്പോൾ ടെണ്ടർ വ്യതിയാനം കുറയ്ക്കാതെ, നിയമപ്രകാരമുള്ള നികുതികൾ മാത്രം കിഴിവ് ചെയ്ത് ₹ 60746/-കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ടിയിരുന്ന തുക താഴെ പറയും പ്രകാരം ₹ 218492/- ആണ്.

| | |
|---|---|
| ആകെപ്രവൃത്തി മൂല്യം | ₹63278 |
| (-) ടെണ്ടർ കിഴിവ് 5% (₹ 3164) | ₹60114 |

| | |
|---|---|
| (-) നികുതികൾ (601X4= 2404)<br>(IT @ 1% = 601<br>KCWWF @ 1% = 601<br>GST @ 1% = 601<br>SGST @ 1% = 601 ) | ₹57710 |
| കരാറുകാരന് നൽകേണ്ട തുക | ₹57710 |
| അധികം നൽകിയ തുക 60746-57710 | ₹3036 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ ₹3036/- തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നം.20 | 801010885/ 30.12.2019 | 206830 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ, പോസ്റ്റ് മാറ്റൽ വാർഡ് നം.4 | 800687271/ 10.10.2019 | 138242 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നം.18 | 21900691/ 19-10-19 | 201156 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | കോച്ചേരിക്കടവ്,സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് നം.4 | 21900595/ 18-09-19 | 128362 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | പാറ്റായി പുന്നോപ്പടി ലിഫ്റ്റ് ഇറിഗേഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 21901222/ 15-02-20 | 21750 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | പള്ളിച്ചിറ കോട്ടായിൽ റോഡ്-ത്രീഫേസ് ലൈൻ വലിക്കൽ | 21900948/ 19-12-19 | 46728 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | കരിശുംപടി മില്ലുംപടി റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900975/ 23.12.19 | 52055 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | പന്തംകോട്ടച്ചിറ മൂങ്ങാച്ചാലിൽ റോഡ് – പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 801153946/ 27.01.2020 | 23145 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | ആകെ | | 818268 | | - |
| | | | | | |
| കേരളവാട്ടർ അതോറിറ്റി | പുഞ്ചക്കാല, വിളക്ക്മറ്റം കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 800793207/ 06.11.2019 | 130000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | മേക്കാലിത്താഴം റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21900689/ 19.10.2019 | 90000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |

| | | | | | |
|---|---|---|---|---|---|
| | പുന്നോപ്പടി-വീട്ടൂർ-തേരാപ്പാറകുന്നേൽ റോഡ്-പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21901055/ 22.01.2020 | 350000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | വിളക്കത്ത് അഹമ്മദ് ലബ്ബ കനാൽ ബണ്ട് റോഡ് പൈപ്പ് ലൈൻ സ്ഥാപിക്കൽ | 800985542/ 20.17.2019 | 75000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | മാനാറി മിച്ചഭൂമിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21900690/ 19.10.2019 | 90000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | - |
| | ആകെ | | 1239500 | 0 | |

കെ.എസ്.ഇ.ബി.ക്ക് നൽകിയ തുകയിൽ 161387/- രൂപ വാർഷികധനകാര്യ പത്രികയിലെ ഈയിനത്തിലെ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. വാട്ടർ അതോറിട്ടിക്ക് നൽകിയ തുകയിൽ 205000/- രൂപ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2019-20 | 5000000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 5000000 | 0 |
| 2 | ” | 2019-20 | 671350 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാർത്ഥികൾക്ക് പ്രത്യേക പഠനസഹായം | 671350 | 0 |
| | | ആകെ | 5671350 | - | 5671350 | 0 |
| 3 | ബ്ലോക്ക്പഞ്ചായത്ത് (മൂവാറ്റുപുഴ) | 2019-20 | 155000 | ക്ഷീരസംഘത്തിൽ നൽകുന്ന പാലിന് സബ്ഡിഡി | 155000 | 0 |
| 4 | ” | 2019-20 | 2500000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി-ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 2500000 | 0 |
| 5 | ” | 2019-20 | 700000 | ഭിന്നശേഷിയുള്ളവർക്ക് വിദ്യാർത്ഥികൾക്ക് പ്രത്യേക പഠനസഹായം | 700000 | 0 |
| 6 | ” | 2019-20 | 400000 | മൂങ്ങാച്ചാൽ ചൊള്ളാമുക്ക് റോഡ് പുനരുദ്ധാരണം | 0 | 400000 |
| 7 | ” | 2019-20 | 380000 | ബഡ്സ് സ്കൂളിന്റെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തൽ | 0 | 380000 |
| ആകെ | | | 7151350 | - | 6371350 | 780000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ-ഹഡ്കോ ലോൺ (KURDFC) | GO(MS)No.100/2018 /LSGD, Dt.30.7.18 | 21340000 | 4845127 | 2250000 | - | 23935127 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 14072300 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ ലഭിച്ചത് | 931328 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 10931328 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4072300 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2005-06 | 2-1 | 150/- | ശ്രീ പി എം അബ്ദുൾ സമദ്, സെക്രട്ടറി | 119010101879/31.05.19 |
| 2 | 2017-18 | 2-2 | 2500/- | ശ്രീ ജിനേഷ് ജി., സെക്രട്ടറി | 119010100682/ 26.04.19 |
| 3 | 2017-18 | 2-2 | 2500/- | ശ്രീ ജിനേഷ് ജി.,സെക്രട്ടറി | 119010100807/29.04.19 |
| 4 | 2015-16 | 2-1(സി) | 1250/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119010101030/06.05.19 |
| 5 | 2015-16 | 2-1(സി) | 1250/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119010101066/06.05.19 |
| 6 | 2015-16 | 2-1(സി) | 1250/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119010101168/09.05.19 |
| 7 | 2015-16 | 2-1(സി) | 1250/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119010101214/09.05.19 |
| 8 | 2015-16 | 2-1(സി) | 1250/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119010101245/10.05.19 |
| 9 | 2015-16 | 2-1(ബി) | 2500/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119160900002/10.05.19 |
| 10 | 2015-16 | 2-1(സി) | 1250/- | ശ്രീ പി എം മുഹമ്മദ്, സെക്രട്ടറി | 119010101539/18.05.19 |
| 11 | 2017-18 | 2-2 | 1250/- | ശ്രീ ജിനേഷ് ജി,സെക്രട്ടറി | 119010101014/04.05.19 |
| 12 | 2018-19 | 3-1 | 15000/- | ശ്രീ വി കെ സുഭാഷ്, സെക്രട്ടറി | 119010500030/11.07.19 |
| 13 | 2006-07 | 3-1 | 300 | ശ്രീ സി വി തോമസ്, സെക്രട്ടറി | 119011001899/31.05.19 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല, കണക്കിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല, റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ /കല്ലുകൾ സ്ഥാപിച്ചിട്ടില്ല | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ /ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |
| 2013-14 | 2-(a) | 2013-14 | 2-(a) | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചിരിക്കുന്നു. |
| 2014-15 | 3-6 | 2014-15 | 3-6 | പകർച്ചവ്യാധി നിയന്ത്രണ പരിപാടി IEC Calender വിതരണം. | ജില്ലാതല മോണിട്ടറിംഗ് സമിതിയ്ക്ക് മുൻപാകെ സമർപ്പിച്ചിരിക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 131941061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120334980 |
| വരവിനങ്ങളിലുള്ള നഷ്ടം | 137313 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61819 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1718081 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 9113 | -- | ജഗദീഷ് എം പി,സെക്രട്ടറി |
| 2-2 | 128200 | -- | ഷാജിമോൻ കാവു, സെക്രട്ടറി |
| 3-1 | -- | 61819 | ശ്രീമതി. സന്ധ്യാകൃഷ്ണൻ സി, അസി. എഞ്ചിനീയർ |
| ആകെ | 137313 | 61819 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 66435 | ഷാജിമോൻ കാവു, സെക്രട്ടറി |

| | | |
|---|---|---|
| 1-29 | 14240 | ഡോ. കൃഷ്ണപ്രിയ എസ്.എൽ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-30(1) | 514488 | ഷാജിമോൻ കാവു, സെക്രട്ടറി |
| 1-30(2) | 258885 | മീതിയൻ എ എം, സെക്രട്ടറി |
| 1-30(3) | 23145 | ജഗദീഷ് എം പി, സെക്രട്ടറി |
| 1-31(1) | 310000 | ഷാജിമോൻ കാവു, സെക്രട്ടറി |
| 1-31(2) | 75000 | ജഗദീഷ് എം പി, സെക്രട്ടറി |
| 1-31(3) | 350000 | ജഗദീഷ് എം പി, സെക്രട്ടറി |
| 1-32 | 105888 | ഷാജിമോൻ കാവു, സെക്രട്ടറി |
| തടസ്സപ്പെടുത്തിയ ആകെ തുക | 1718081 | |

(സി) കേന്ദ്ര-സംസ്ഥാ സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33-1 | 22334 | ജയകൃഷ്ണൻ എസ്, അസി.സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജിമോൻ കാവു, സെക്രട്ടറി | സെക്രട്ടറി, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | പഴമ്പിള്ളിൽ, മരട് പി.ഒ, – 682604 |
| മീതിയൻ എ എം, സെക്രട്ടറി, | സേവനത്തിൽ നിന്നും വിരമിച്ചു | അറ്റാഴം വീട്, ഇരമല്ലൂർ(പി.ഒ.),ഇരുമലപ്പടി കോതമംഗലം. 686691 |
| ജഗദീഷ് എം പി, സെക്രട്ടറി | സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | മംഗലത്ത്, കടാതി,മൂവാറ്റുപുഴ പി ഒ |
| സന്ധ്യാകൃഷ്ണൻ സി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പായിപ്ര ഗ്രാമപഞ്ചായത്ത് | കട്ടേക്കുടിയിൽ, നെല്ലാട് പി ഒ, മൂവാറ്റുപുഴ |
| ജയകൃഷ്ണൻ എസ്, അസി.സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്,നെടുമ്പാശ്ശേരി | ലക്ഷ്മി വിലാസ്, കോട്ടപ്പുറം,ആലങ്ങാട് പി.ഒ |
| ഡോ. കൃഷ്ണപ്രിയ എസ്.എൽ., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പായിപ്ര ഗ്രാമപഞ്ചായത്ത് | കെ.എൽ.ആർ.എസ്. – 42 കൈലാസ് ലെയിൻ കുടപ്പനക്കുന്ന് (പി.ഒ.) തിരുവനന്തപുരം |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 തീയതി, 08.01.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 തീയതി, 07.01.2003 |
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03 തീയതി, 02.07.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 തീയതി, 29.4.2008 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 തീയതി, 15.10.2009 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 തീയതി, 15.10.2009 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/12 തീയതി, 01.03.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 തീയതി, 27.02.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12 തീയതി, 08.01.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13 തീയതി, 25.11.13 /04.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8) 1122/15 തീയതി, 27.07.15 /17.08.15 |
| 2015-16 | കെ എസ് എ -ഇ കെ എം(പി 8)1972/2016 തീയതി, 08.12.16/10.01.17 |

| | |
|---|---|
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി.8)1267/17 തീയതി, 16.09.17/17.10.17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി.8)2059/18തീയതി, 22.03.2019 |
| 2018-19 | കെ. എസ്.എ.ഇ.കെ.എം(പി.8)1575/2019,തീയതി 07.12.2019/05.02.2020 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്